REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-01-2026 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിലെ കാലിയാബോറിൽ, കാസിരംഗ എലവേറ്റഡ് കോറിഡോർ പദ്ധതിക്ക് തറക്കല്ലിടും.**
- **64-ാമത് സംസ്ഥാന സ്കൂൾ കലോത്സവം ഇന്ന് സമാപിക്കും.**
- **കണ്ണൂർ എടക്കാനത്ത് പക്ഷിപ്പനി സ്ഥിരീകരിച്ചു. പ്രദേശത്ത് ജാഗ്രതാ നിർദേശം.**
- **CPIM കേന്ദ്ര കമ്മിറ്റി യോഗം ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും.**
- **അണ്ടർ-19 പുരുഷ ഏകദിന ക്രിക്കറ്റ് ലോകകകപ്പിൽ ഇന്ത്യ, ബംഗ്ലാദേശിനെ 18 റൺസിന് പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

രണ്ട് ദിവസത്തെ സന്ദർശനത്തിന് അസമിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കാലിയാബോറിൽ, കാസിരംഗ എലവേറ്റഡ് കോറിഡോർ പദ്ധതിക്ക് തറക്കല്ലിടും. 6,950 കോടി രൂപയിലധികം ചെലവ് വരുന്ന പദ്ധതിയാണ് ഇത്. രണ്ട് പുതിയ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

ഗോഹട്ടിയിൽ ഇന്നലെ വൈകിട്ട് പരമ്പരാഗത ബോഡോ സാംസ്കാരിക പരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുത്തു. ബോഡോ സമാധാന കരാർ സമൂഹത്തിന് വളരെയധികം ഗുണം ചെയ്തുവെന്നും ആയിരക്കണക്കിന് യുവാക്കൾ ആയുധങ്ങളും അക്രമവും ഉപേക്ഷിച്ച് മുഖ്യധാരയിലേക്ക് ചേർന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

അസം സന്ദർശനം അവസാനിപ്പിക്കുന്നതിന് മുമ്പ് കാലിയാബോറിലെ പൊതു യോഗത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.

✪✪✪

64-ാമത് സംസ്ഥാന സ്കൂൾ കലോത്സവം ഇന്ന് സമാപിക്കും. കലോൽസവം അഞ്ചാം ദിവസത്തിലേക്ക് കടക്കുമ്പോൾ കണ്ണൂർ ജില്ലയാണ് മുന്നിൽ. 985 പോയിന്റുകളാണ് കണ്ണൂരിന്. ആതിഥേയ ജില്ലയായ തൃശൂർ, 978 പോയിന്റോടെ രണ്ടാം സ്ഥാനത്തും 977 പോയിന്റോടെ പാലക്കാട് മൂന്നാം സ്ഥാനത്തും തുടരുന്നു.

തൃശ്ശൂരിൽ നിന്ന് ഭരിത പ്രതാപ്....

.......(വോയ്സ് )......

സാംസ്കാരിക നഗരിയിൽ കലയുടെ മഹോത്സവത്തിന് ഇന്ന് കൊടിയിറക്കം. അഞ്ചു ദിവസങ്ങളായി ജില്ലയെ കലാപൂർണമാക്കിയ 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇന്ന് സമാപനമാവും.

വൈകുന്നേരം 4 മണിക്ക് തൃശൂർ തേക്കിൻകാട് മൈതാനത് നടക്കുന്ന സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉത്ഘാടനം നിർവഹിക്കും. കലോത്സവത്തിന് ആവേശകരമായ സമാപനം കുറിക്കാൻ മലയാളത്തിന്റെ പ്രിയ താരം മോഹൻലാൽ എത്തും.

ഒന്നാമതെത്തുന്ന ജില്ലയ്ക്കുള്ള സ്വർണ്ണക്കപ്പ് പൊതു വിദ്യാഭ്യാസ മന്ത്രിയും പ്രിയ താരം മോഹൻലാലും ചേർന്ന് വിജയികൾക്ക് സമ്മാനിക്കും. Hss ആൺകുട്ടികളുടെ നാടോടിനൃത്തം, കുച്ചുപുടി വഞ്ചിപ്പാട്ട്, സംഘഗാനം, കഥകളി സംഗീതം, ശാസ്ത്രീയ സംഗീതം, നാദസ്വരം, വയലിൻ എന്നീ ഇന്ങ്ങളാണ് അവസാന ദിനമായ ഇന്ന് അരങ്ങേരാണുള്ളത്.

മത്സരങ്ങളുടെ തുടക്കം മുതലേ കണ്ണൂർ ജില്ല പോയിന്റ് നിലയിൽ ഒന്നാമതായിരുന്നു.തൃശ്ശൂറും പാലക്കാടും കോഴിക്കോട് എല്ലാം ഇഞ്ചോടിഞ്ച് പോരാട്ടമാണ് അവസാന ഘട്ടത്തിലും നടന്നുകൊണ്ടിരിക്കുന്നത്. സ്വർണ്ണക്കപ്പു ആര് സ്വന്തമാക്കുമെന്നറിയാൻ ഇനി മണിക്കൂറുകളുടെ കാത്തിരിപ്പു മാത്രം.

✪✪✪

ഓപ്പറേഷൻ സിന്ദൂറിൽ സിവിൽ ഡിഫൻസ് റോളുകളിൽ NCC കേഡറ്റുകൾ പ്രകടിപ്പിച്ച ധൈര്യവും അച്ചടക്കവും പ്രശംസനീയവും പ്രചോദനകരവുമാണെന്ന് പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗ് ന്യൂഡൽഹിയിൽ പറഞ്ഞു.

ദുരന്ത പ്രതികരണം, പരിസ്ഥിതി സംരക്ഷണം, രാഷ്ട്ര നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയിൽ സജീവമായി സംഭാവന നൽകിയ NCC കേഡറ്റുകളെ അദ്ദേഹം അഭിനന്ദിച്ചു.

✪✪✪

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ  നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായ സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെന്റിൽ സമർപ്പിക്കും.

✪✪✪

ചൂരൽമല ദുരന്ത നിവാരണ - പുനർ നിർമ്മാണ പ്രവർത്തനങ്ങളിൽ ഗവൺമെന്റ് എല്ലാവരെയും കൂട്ടിയിണക്കി അതിവേഗം മുന്നോട്ടു പോകുകയാണെന്ന് മന്ത്രി K രാജൻ പറഞ്ഞു. ചൂരൽമല ദുരന്ത ബാധിതരുടെ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് തൃശ്ശൂരിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. ദുരന്ത ബാധിതർക്ക് തുടർന്നും ധനസഹായം നൽകുമെന്നും 2026-ലെ തുക അനുവദിക്കുന്ന ഉത്തരവ്, ജനുവരി മാസത്തിൽതന്നെ പുറത്തിറക്കുമെന്നും, അക്കാര്യത്തിൽ അനാവശ്യ ആശങ്ക വേണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

ശബരിമലയിൽ മകരവിളക്ക് മഹോത്സവത്തോട് അനുബന്ധിച്ച് നാളെ രാത്രി വരെ ഭക്തർക്ക് ദർശനം നടത്താം. ഇന്നലെ രാത്രി ഏഴു വരെ 49 ലക്ഷത്തി 21,401 പേർ പമ്പ വഴി, സന്നിധാനത്ത് എത്തി. സുഖദർശനം ലഭിച്ച സന്തോഷത്തോടെയാണ് ഓരോ തീർഥാടകരും മടങ്ങുന്നത്. മറ്റന്നാൾ രാവിലെ 6.30 ന് നട അടയ്ക്കും.

✪✪✪

സംസ്ഥാന ക്ഷീര കർഷകസംഗമം  'പടവ് 2026'  ന് ഇന്ന് കൊല്ലത്ത് തുടക്കമാകും. ക്ഷീരസംഗമം നാളെ മുഖ്യമന്ത്രി  പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ക്ഷീരസഹകാരി അവാർഡ്, ഡോ. വർഗ്ഗീസ് കുര്യൻ അവാർഡ്, മാധ്യമ അവാർഡ് എന്നിവയും മുഖ്യമന്ത്രി സമ്മാനിക്കും.

ഇന്ന് രാവിലെ മുകേഷ് MLA  പരിപാടികൾക്ക് തുടക്കം കുറിക്കും. മന്ത്രി J. ചിഞ്ചുറാണി ഡയറി എക്സ്പോ ഉദ്ഘാടനം ചെയ്യും.

✪✪✪

ഒൻപത് ദിവസമായി ന്യൂഡൽഹിയിൽ തുടരുന്ന 53-ാമത് അന്താരാഷ്ട്ര പുസ്തക മേള ഇന്ന് സമാപിക്കും. ഭാരത് മണ്ഡപത്തിലാണ് പുസ്തകമേള. നാഷണൽ ബുക്ക് ട്രസ്റ്റ് ഇന്ത്യയാണ് മേള സംഘടിപ്പിക്കുന്നത്.

✪✪✪

റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ജില്ലാതല മുന്നൊരുക്കങ്ങൾ കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗിന്റെ അധ്യക്ഷതയിൽ കലക്റ്ററേറ്റിൽ ചേർന്ന യോഗം വിലയിരുത്തി. വെസ്റ്റ്ഹില്ലിലെ ക്യാപ്റ്റൻ വിക്രം മൈതാനിയിലാണ് ജില്ലാതല റിപ്പബ്ലിക് ദിനാഘോഷ പരിപാടികൾ നടക്കുക.

ജനുവരി 22-നും 23-നും പരേഡ് റിഹേഴ്സലും 24-ന് അന്തിമ ഡ്രസ് റിഹേഴ്സലും നടക്കും. പൊലീസ്, എക്സൈസ്, വനംവകുപ്പ്, അഗ്നി രക്ഷാസേന, NCC, സ്റ്റുഡന്റ് പൊലീസ് കേഡറ്റ്, തുടങ്ങി നിരവധി പ്ലാറ്റൂണുകൾ പരേഡിൽ അണിനിരക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്ക് വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. പരിപാടിയുടെ 130-ാം പതിപ്പാണിത്. മൻ കി ബാതിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും My Gov, നമോ ആപ്പ് എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

✪✪✪

കേന്ദ്ര സാംസ്കാരിക മന്ത്രാലയവുമായി സഹകരിച്ച് അന്താരാഷ്ട്ര ബുദ്ധമത കൂട്ടായ്മ ജനുവരി 24, 25 തീയതികളിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ രണ്ടാമത് ആഗോള ബുദ്ധ ഉച്ചകോടി സംഘടിപ്പിക്കും. "കൂട്ടായ വിവേകം, ഏകസ്വരം, സഹവർത്തിത്വം" എന്നതാണ് ഉച്ചകോടിയുടെ പ്രമേയം.

✪✪✪

കണ്ണൂർ ഇരിട്ടി എടക്കാനത്ത് പക്ഷിപ്പനി സ്ഥിരീകരിച്ചു. കാക്കയിലാണ് രോഗം സ്ഥിരീകരിച്ചത്.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.....

.......(വോയ്സ് )......

വളർത്തുപക്ഷികളിൽ രോഗം സ്ഥിരീകരിച്ചിട്ടില്ലെന്നും പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്നും ജില്ലാകലക്ടർ അരുൺ

കെ.വിജയൻ അറിയിച്ചു. ഇരിട്ടി നഗരസഭയിലും സമീപ പ്രദേശങ്ങളിലും വൈറസ് വ്യാപനം നിയന്ത്രിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്കും തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടർക്കും നിർദേശം നൽകിയിട്ടുണ്ട്. രോഗം സ്ഥിരീകരിച്ചത് കാക്കയിൽ ആയതിനാൽ രോഗത്തിന്റെ പ്രഭവ കേന്ദ്രം നിർദേശിക്കപ്പെട്ടിട്ടില്ല. പക്ഷികളെ കൊന്നൊടുക്കേണ്ട സാഹചര്യവുമില്ല.

അജ്ഞാതമായ പനി, ശ്വാസകോശ അണുബാധ എന്നിവ പ്രദേശത്തെ ആളുകളിൽ റിപ്പോർട്ട് ചെയ്യുന്നത് നിരീക്ഷിക്കാൻ ആരോഗ്യ വകുപ്പിന് നിർദേശം നൽകിയിട്ടുണ്ടെന്നും കലക്ട ർ അറിയിച്ചു.

✪✪✪

CPIM കേന്ദ്ര കമ്മിറ്റി യോഗം ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും. കേരളം, തമിഴ്നാട്, ബംഗാൾ, അസം, പുതുച്ചേരി സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പാണ് യോഗത്തിന്റെ മുഖ്യ അജണ്ട.

✪✪✪

അണ്ടർ-19 പുരുഷ ഏകദിന ക്രിക്കറ്റ് ലോകകകപ്പിൽ ഇന്ത്യ, ബംഗ്ലാദേശിനെ 18 റൺസിന് പരാജയപ്പെടുത്തി.

ബുലാവായോയിൽ ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ, 48.4 ഓവറിൽ 238 റൺസിന് പുറത്തായി. മഴയെ തുടർന്ന് തടസ്സപ്പെട്ട മത്സരം, 49 ഓവറാക്കി ചുരുക്കിയതോടെ ബംഗ്ലാദേശിന്റെ വിജയലക്ഷ്യം 29 ഓവറിൽ 165 റൺസായി പുതുക്കി നിശ്ചയിച്ചു.

മറുപടി ബാറ്റിങ്ങിനിറങ്ങിയ ബംഗ്ലാദേശിന് 28.3 ഓവറിൽ 146 റൺസ് എടുക്കാനേ കഴിഞ്ഞുള്ളൂ.

✪✪✪

നവി മുംബൈയിൽ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, UP വാരിയേഴ്സ്, മുംബൈ ഇന്ത്യൻസിനെ 22 റൺസിന് പരാജയപ്പെടുത്തി. 188 റൺസ് വിജയലക്ഷ്യം പിന്തുടർന്ന മുംബൈ ഇന്ത്യൻസിന് നിശ്ചിത 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 165 റൺസ് മാത്രമേ എടുക്കാൻ കഴിഞ്ഞുള്ളൂ. നേരത്തെ, ബാറ്റ് ചെയ്ത UP വാരിയേഴ്സ് നിശ്ചിത 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 187 റൺസ് നേടി.

മറ്റൊരു മത്സരത്തിൽ, റോയൽ ചലഞ്ചേഴ്സ് ബെംഗലൂരു 8 വിക്കറ്റിന് ഡൽഹി ക്യാപിറ്റൽസിനെ തോൽപ്പിച്ചു. 20 ഓവറിൽ 166 റൺസിന് ഡൽഹി ക്യാപിറ്റൽസ്, ഓൾഔട്ടായി.

✪✪✪

ഇന്ത്യ- ന്യൂസിലാന്റ് മൂന്നാം ഏകദിന ക്രിക്കറ്റ് മത്സരം ഇന്ന്. ഇൻഡോറിലെ ഹോൾക്കർ സ്റ്റേഡിയത്തിൽ ഉച്ചക്ക് 1.30 നാണ് മത്സരം. ആദ്യ മത്സരത്തിൽ ഇന്ത്യയും രണ്ടാം മത്സരത്തിൽ ന്യൂസിലാന്റും ജയിച്ചതോടെ 1-1 എന്ന നിലയിലാണ് പരമ്പര.

✪✪✪

ആഭ്യന്തര ഏകദിന ക്രിക്കറ്റ് ടൂർണമെന്റായ വിജയ് ഹസാരെ ട്രോഫി ഫൈനൽ ഇന്ന്. ബംഗലൂരുവിൽ ഉച്ചയ്ക്ക് ഒന്നരയ്ക്ക് സൗരാഷ്ട്രയും വിദർഭയും തമ്മിലാണ് മത്സരം.

✪✪✪

കണ്ണൂർ നഗരത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കാൻ നിർമ്മിക്കുന്ന തെക്കീ ബസാർ ഫ്ളൈ ഓവറിന് 77 ശതമാനം സ്ഥലം ഏറ്റെടുത്തതിനാൽ നിർമ്മാണ പ്രവൃത്തി ഉടൻ ടെൻഡർ ചെയ്യാൻ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. 11 റോഡുകൾ ഉൾപ്പെട്ട സിറ്റി റോഡ് വികസന പദ്ധതിയിലെ മൂന്ന് റോഡുകളുടെ പ്രവൃത്തി ആരംഭിച്ചുവെന്നും ബാക്കി റോഡുകളുടെ സ്ഥലം ഏറ്റെടുക്കുന്ന നടപടി വേഗത്തിലാക്കുമെന്നും മന്ത്രി കണ്ണൂരിൽ അറിയിച്ചു.

✪✪✪

ഹജ്ജ് രജിസ്ട്രേഷന്റെ സമയ പരിധി കേന്ദ്ര ഗവൺമെന്റ് ഈ മാസം 25 വരെ നീട്ടി. ഈ തീയതിക്ക് ശേഷം അധിക സമയം അനുവദിക്കില്ലെന്നും ന്യൂനപക്ഷകാര്യ മന്ത്രാലയം അറിയിച്ചു. ഹജ്ജ് ബുക്കിംഗും മറ്റ് നടപടികളും വേഗത്തിൽ പൂർത്തിയാക്കി, രജിസ്ട്രേഷൻ വിശദാംശങ്ങൾ നുസുക് പോർട്ടലിൽ നൽകണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടു.

✪✪✪

ലക്ഷദ്വീപ്, പുതുച്ചേരി, ഗോവ, രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ SIR സമയ പരിധി നീട്ടി. വോട്ടർമാർക്ക് അവകാശ വാദങ്ങളും എതിർപ്പുകളും നാളെ വരെ സമർപ്പിക്കാം.

✪✪✪

ദേശീയ പാത 66 ന്റെ നിർമ്മാണം പൂർത്തിയാവുന്നതോടെ കണ്ണൂർ എടക്കാട് നടാൽ ഭാഗത്തെ യാത്രാ ക്ലേശം കേന്ദ്ര മന്ത്രി നിധിൻ ഗഡ്കരിയുടെ ശ്രദ്ധയിൽ പെടുത്തുമെന്ന് C.സദാനന്ദൻ മാസ്റ്റർ M.P അറിയിച്ചു. നിർമ്മാണം നടക്കുന്ന ദേശീയ പാതയും സർവ്വീസ് റോഡും ഉൾപ്പെടെ ഭാഗങ്ങൾ അദ്ദേഹം

സന്ദർശിച്ചു. തിങ്കളാഴ്ച കേന്ദ്രമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കണ്ണൂർ ആറളം പുനരധിവാസ മേഖലയിൽ താമസിക്കുന്ന പട്ടികവർഗ കുടുംബങ്ങളുടെ പ്രശ്നങ്ങൾ പട്ടിക വർഗ വികസന വകുപ്പ് നിലവിൽ പരിഗണിച്ചതാണെന്നും പരിഹാര നടപടികൾ വിവിധ തലങ്ങളിലായി നടന്നുവരികയാണെന്നും കണ്ണൂർ ITDP പ്രൊജക്ട് ഓഫീസർ വാർത്താക്കുറിപ്പിൽ അറിയിച്ചു.

✪✪✪

ബാലരാമപുരത്ത് വഴിയാത്രക്കാരനെ ആക്രമിച്ച് പരിക്കേൽപ്പിച്ച് ഫോണും ബാഗും പിടിച്ചുപറിച്ച പ്രതികൾ പിടിയിലായി. ബാലരാമപുരം സ്വദേശി മണികണ്ഠൻ, പൂഴിക്കുന്ന് സ്വദേശി ഷാജീർ എന്നിവരാണ് തമ്പാനൂർ പൊലീസിന്റെ പിടിയിലായത്.

✪✪✪

*News Editor : ശ്രുതി*
*News Reader: അനുഷ ആത്മപ്രകാശ്*
*NRT: സബിത ആനന്ദ്,*
*DEO : സി കെ സുബോധ്*